# Desabhimani

# 31 August 2018

# Kalpatta, Flood- Ravaged Wayanad , Survival, Cleaning

## അവർ തിരിച്ചേൽപ്പിച്ചു, വയനാടിനെ

**സ്വന്തം ലേഖകൻ**



വൈത്തിരിയിൽ സിപിഐ എം ജില്ലാ സെക്രട്ടറി പി ഗഗാറിന്റെ നേതൃത്വത്തിൽ നടന്ന ശുചീകരണം

**കൽപ്പറ്റ**

പ്രളയം വിഴുങ്ങിയ വയനാടിനെ പുനർസൃഷ്ടിക്കാൻ പതിനായിരങ്ങൾ കൈകോർത്തത് അതിജീവനത്തിന്റെ വിളംബരമായി. ജില്ലാ കലക്ടർ മുതൽ ജനപ്രതിനിധികൾ വരെ. തൊഴിലാളികൾ മുതൽ വീട്ടമ്മമാർ വരെ. രാഷ്ട്രീയ പാർടികളും സന്നദ്ധ സംഘടനകളും ജീവനക്കാരും ഉൾപ്പെടെ നാനാവിഭാഗവും ഒരേ മനസ്സോടെ നടത്തിയ മഹാശുചീകരണയജ്ഞത്തിലൂടെ വയനാട് ചരിത്രമെഴുതി. മുക്കാൽ ലക്ഷത്തിലധികം പേരാണ് വ്യാഴാഴ്ച നടന്ന ക്ലീൻ വയനാട് ശുചീകരണ മഹായജ്ഞത്തിൽ ഒരേ മനസ്സോടെ പങ്കാളികളായത്. ജില്ലക്കകത്തുനിന്നുള്ളവരെ കൂടാതെ മറ്റ് ജില്ലകളിൽനിന്നും നിരവധി പേരെത്തിയത് ദുരന്തത്തിൽ വിറങ്ങലിച്ച ജില്ലക്ക് കൈത്താങ്ങായി.

പുഴകൾ, തോടുകൾ, പ്രളയബാധിത വീടുകൾ, സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ, റോഡുകൾ, വ്യാപാര സ്ഥാപനങ്ങൾ, ബസ്സ്റ്റാൻഡ്, പാതയോരങ്ങൾ എന്നിങ്ങനെ സർവമേഖലകളിലും ശുചീകരണം നടന്നു. മഴയും വെള്ളപ്പൊക്കവും കവർന്ന വയനാടിന്റെ സൗന്ദര്യം തിരിച്ചേൽപ്പിക്കാൻ ശുചീകരണ പ്രവൃത്തിയിലൂടെ വലിയൊരളവോളം സാധിച്ചു. രാവിലെ എട്ടിന് ആരംഭിച്ച ശുചീകരണയജ്ഞം വൈകിട്ട് അഞ്ചോടെയാണ് അവസാനിപ്പിച്ചത്.

മികച്ച ആസൂത്രണത്തോടെയും കാര്യക്ഷമതയോടെയുമാണ് നാടൊന്നടങ്കം ശുചീകരണം പുരോഗമിച്ചത്. ഓരോ മേഖലയിലും അതത് മേഖലകളിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയും തദ്ദേശസ്ഥാപനങ്ങളിലെ ഓരോ വാർഡും കേന്ദ്രീകരിച്ചും ആവശ്യമായ എല്ലാ ഉപകരണങ്ങളും ഒരുക്കിയും സുരക്ഷയൊരുക്കിയും നടത്തിയ ശുചീകരണ പ്രവർത്തനം മാതൃകയായി മാറി.

ആംബുലൻസ്, പ്രതിരോധ മരുന്നുകൾ എന്നീ സൗകര്യങ്ങൾ ആരോഗ്യ വകുപ്പ് സജ്ജമാക്കി. ജില്ലയിലെ 23 പഞ്ചായത്തുകളിലെയും മൂന്ന് നഗരസഭകളിലെയും 512 വാർഡുകളിലാണ് ശുചീകരണം നടന്നത്. മണ്ണിടിച്ചിലിലും കുത്തൊഴുക്കിലും ഗതാഗതം തടസ്സപ്പെട്ട പൊതുപാതകളിലെ മണ്ണ് നീക്കൽ, ഓടകളും പൊതു ഇടങ്ങളും ശുചീകരിക്കൽ, കിണറുകളിലെ ക്ലോറിനേഷൻ, മാലിന്യനീക്കം, പുഴകളുടെയും ജലസ്രോതസ്സുകളുടെയും ശുചീകരണം, പൊതു സ്ഥാപനങ്ങൾ വൃത്തിയാക്കൽ എന്നിവയാണ് നടന്നത്. ഇ വേസ്റ്റ്, പ്ലാസ്റ്റിക് കുപ്പികൾ, മറ്റ് പ്ലാസ്റ്റിക്കുകൾ എന്നിവ വെവ്വേറെ ശേഖരിച്ചു. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ചു.

പ്രത്യേകം പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരാണ് പുഴകൾ ശുചീകരിച്ചത്. സ്കൂൾ കുട്ടികൾ അതത് സ്കൂളുകളിലും സർക്കാർ ജീവനക്കാർ ഓഫീസ് സ്ഥിതിചെയ്യുന്ന വാർഡിലെ ശുചീകരണത്തിലും പങ്കാളികളായി. ജില്ലാ അധികൃതർ നേതൃത്വം നൽകിയ ശുചീകരണയജ്ഞം ആരോഗ്യ വകുപ്പ്, ഹരിതകേരള മിഷൻ, ജില്ലാ ശുചിത്വ മിഷൻ എന്നിവയിലൂടെ ഏകോപിപ്പിച്ചു. ജനപ്രതിനിധികൾ, കുടുംബശ്രീപ്രവർത്തകർ, സന്നദ്ധസംഘടനകൾ, രാഷ്ട്രീയ സംഘടനാ പ്രവർത്തകർ, യുവജനസംഘടനകൾ, ശാസ്ത്ര സാഹിത്യപരിഷത്ത്, തൊഴിലുറപ്പ് തൊഴിലാളികൾ, അധ്യാപകർ, സർക്കാർ ജീവനക്കാർ എന്നിവരെല്ലാം അണിനിരന്നു. കലക്ടർ വി കേശവേന്ദ്രകുമാർ, എം പി എം ഐ ഷാനവാസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ബി നസീമ, സബ്കലക്ടർ എൻ എസ് കെ ഉമേഷ്, എഡിഎം കെ അജീഷ്, സിപിഐ എം ജില്ലാ സെക്രട്ടറി പി ഗഗാറിൻ എന്നിവരടക്കമുള്ളവർ വിവിധ പ്രദേശങ്ങളിൽ ശുചിത്വ പ്രവർത്തനത്തിന് നേതൃത്വംനൽകി.